സി ജി (1)11465/18.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം , തീയതി : 25.04.2018.
**Email :** keralarcs.coop@kerala.gov.in
**Website : www. cooperation. kerala.gov.in.**

## സർക്കുലർ നമ്പർ 24/2018

വിഷയം:- സഹകരണവകുപ്പ് - പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബി ആർ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥ പ്രകാരം വായ്പ നൽകുന്ന മറ്റ് സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വാഹന വായ്പയുടെ പരിധി വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 11.01.2017 ലെ 6/2017-ാം നമ്പർ സർക്കുലർ.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബി ആർ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും നിശ്ചയിച്ചു കൊണ്ട് സൂചന പ്രകാരം മാർഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ അനുസരിച്ച് വാഹന വായ്പയായി പരമാവധി നൽകാവുന്നത് 20 ലക്ഷം രൂപയാണ്. എന്നാൽ ഹെവി വാഹനങ്ങൾക്ക് കൂടുതൽ തുക വേണ്ടി വരുമെന്നതിനാലും ടി വായ്പാ പരിധി വർദ്ധിപ്പിക്കണമെന്ന സഹകാരികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും വാഹന വായ്പയുടെ പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

## വാഹന വായ്പ നിലവിലുള്ളത്

| പരമാവധി പരിധി | കാലാവധി (പരമാവധി) |
|---|---|
| 20 ലക്ഷം രൂപ | 10 വർഷം |

## വാഹന വായ്പ പുതുക്കി നിശ്ചയിച്ചത്

| ഇനം | അനുവദിക്കാവുന്ന പരമാവധി തുക | കാലാവധി (പരമാവധി) |
|---|---|---|
| ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 20 ലക്ഷം രൂപ | 10 വർഷം |
| ഹെവി മോട്ടോർ വെഹിക്കിൾസ് | 40 ലക്ഷം രൂപ | 10 വർഷം |

മേൽ സൂചിപ്പിച്ച വായ്പാ പരിധി അനുസരിച്ച് അതാത് സംഘങ്ങൾ/ബാങ്കുകൾ ബൈലായിൽ വായ്പാപരിധി, ഐ എം ബി പി (I M B P) വ്യവസ്ഥകൾ ഉൾപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. ബി ആർ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ റിസർവ്വ് ബാങ്ക്/നബാർഡ് നിഷ്ക്കർഷിക്കുന്ന വായ്പാ പരിധി നിബന്ധനകൾ പാലിക്കേണ്ടതും, വായ്പക്കാരന്റെ തിരിച്ചടവ്ശേഷി ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഓഹരി അനുവാദം, ഈട് വ്യവസ്ഥ തുടങ്ങി വായ്പാ വിതരണത്തിനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്,
ഡോ. ഡി. സജിത്ബാബു ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്:**

1. ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. മാനേജിംഗ് ഡയറക്ടർ
   കേരള സംസ്ഥാന സഹകരണ ബാങ്ക്
   തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
തിരുവനന്തപുരം

4. ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി
കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്,
തിരുവനന്തപുരം
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
6. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
ജോയിന്റ് ഡയറക്ടർ (മുഖേന)
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ
സംഘങ്ങൾ/ബാങ്കുകൾക്കും/അർബൻ
ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കും
(ജോയിന്റ് രജിസ്ട്രാർ) ജനറൽ മുഖേന
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര
സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ) ജനറൽ
മുഖേന
12. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
13. എഡിറ്റർ സഹകരണ വീഥി / സഹകരണ ജേർണൽ
14. വെബ്സൈറ്റ്
15. സ്റ്റോക്ക് ഫയൽ/സ്പെയർ.

// ആജ്ഞാനുസരണം //

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)